നീചന്മാരായ കുറ്റവാളികൾ രക്ഷപ്പെടുമോ? പിടിക്കപ്പെടാനിരിക്കുന്ന നാല് പേരെ ഒരു കൊല്ലമായിട്ടും പിടിക്കപ്പെട്ടിട്ടില്ല. മറ്റ് കേസുകൾ നോക്കുകയാണെങ്കിൽ ഉപയോഗത്തിനുശേഷം, എൻജോയ് ചെയ്തതിനുശേഷം രാക്ഷസന്മാരെപ്പോലെ കശാപ്പ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഇത് സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായിട്ടുള്ള സംഭവമാണ്. അപ്പോൾ ഇതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹോദരൻ, സഹോദരൻ എന്ന് പറയുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാൻ കഴിയുന്നില്ലല്ലോ. ഇതിനെക്കുറിച്ച് ഇത്രയേ മുഖ്യമന്ത്രിക്ക് പറയുവാനുള്ളൂ. സഹോദരനെ കൂടാതെ അവശേഷിക്കുന്ന ആളുകൾ ഉണ്ടല്ലോ; അതും സഹോദരന്മാരാണോ? അത് മനസ്സിലായില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അറസ്റ്റ് ചെയ്യാനുള്ള നാല് പേരിൽ ഓരാൾ ആട്ടോ ഡ്രൈവർ, രണ്ടാമത്തെ ആൾ കൂലിവേലക്കാരൻ, മൂന്നാമത്തെ ആൾ ഗൾഫിൽ നിന്നും മടങ്ങിവന്ന് മറ്റൊരു തൊഴിലുമില്ലാത്തയാൾ, നാലാമത്തെയാൾ ഒരു കർഷകൻ ഈ നാലുപേരും സ്ഥലത്തില്ല. അവർ സ്ഥലംവിട്ടിരിക്കുകയാണ്. ഇവർ വലിയ സമ്പന്നൻമാരോ സ്വാധീനമുള്ളവരോ അല്ല. അവരെ പിടിക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

III. ശ്രദ്ധക്ഷണികകൾ

(1) ഫണ്ട് വെട്ടിക്കുറയ്ക്കുകയും ബിൽ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

ഡോ. തോമസ് ഐസക്: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും സ്തംഭനേത്തിലാണ്. കഴിഞ്ഞ രണ്ടുമാസമായി നാമമാത്രമായ വികസന പ്രവർത്തനങ്ങൾ മാത്രമാണ് ഈ സ്ഥാപനങ്ങൾ വഴി നടക്കുന്നത്. ബഹുമാനപ്പെട്ട തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രതിബദ്ധതയെക്കുറിച്ചൊന്നും എനിക്ക് സംശയമില്ല. പക്ഷേ അദ്ദേഹത്തിന്റെ ഭരണം തുടങ്ങുന്ന വേളയിൽ ഇത്തരത്തിലുള്ള ദുർഗതി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വന്നുചേർന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. അവിതർക്കിതമായ ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ആദ്യത്തേത് പ്രഖ്യാപിക്കുന്ന പണത്തിന്റെ പകുതിയേ നൽകുന്നുള്ളൂ എന്നുള്ളതാണ്. ഇക്കണോമിക് റിവ്യൂവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കിയിട്ടുള്ള പണത്തിന്റെ കണക്കെടുക്കുകയാണ്. വേറെ കണക്കൊന്നുമല്ല എടുക്കുന്നത്. മൂന്ന് വർഷംകൊണ്ട് 2197 കോടി രൂപയാണ് ചെലവാക്കിയിട്ടുള്ളത്. പക്ഷെ കൊടുത്ത കണക്കുമാത്രം നോക്കിയാൽ പോരാ. കഴിഞ്ഞ ജൂലൈ മാസം തിരിച്ചുപിടിച്ച ആയിരം കോടി രൂപയിൽ 335 കോടി രൂപ തിരിച്ചു നൽകി. ബാക്കി 665 കോടി രൂപ കിഴിച്ചാൽ പ്രതിവർഷം 510 കോടി രൂപയേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളൂ. ജനകീയാസൂത്രണ കാലത്ത് നൽകിയതിന്റെ പകുതി പണം മാത്രമേ സർക്കാർ ഖജനാവിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളൂ. ഈ നൽകിയ പണം ചെലവാക്കുന്നതിന് നിരവധി പ്രതിബന്ധങ്ങൾ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. അതിന് സാങ്കേതികാനുമതി കിട്ടുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിലാണെങ്കിൽ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥർ പഞ്ചായത്തുകൾ പറഞ്ഞാൽ കേൾക്കേണ്ടതില്ല എന്ന് ഔപചാരികമായി ഉത്തരവിറക്കി. നബാർഡിന്റെ പ്രോജക്ടുകളെ പദ്ധതിയിൽപ്പെടുത്തിയതിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഇതുവരെയും നബാർഡിന്റെ അനുമതി കിട്ടിയിട്ടില്ല. ഇതിനൊക്കെ പുറമെയാണ് ഇപ്പോൾ ബിൽ സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്. ബിൽ സമ്പ്രദായത്തിന് ഞങ്ങൾ എതിരല്ല. പക്ഷെ ആവശ്യമായ തയ്യാറെടുപ്പില്ലാതെയും പരിശീലനം നൽകാതെയും ബിൽ സമ്പ്രദായം കൊണ്ടുവന്നതിന്റെ ഫലമായി നവംബർ 30 മുതലുള്ള 11 മാസക്കാലം ഒരൊറ്റ ബിൽ പോലും പാസ്സാക്കാൻ കഴിഞ്ഞിട്ടില്ല. ഡിസംബർ മാസം അവസാനമായപ്പോഴാണ് അപൂർവ്വം തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ചില ബില്ലുകൾ പാസായിട്ടുള്ളത്. ഇത് അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയില്ല. അങ്ങ് ആകെ അവതാളത്തിലായിരിക്കുമ്പോഴാണ് പുതിയ ഒരു തീർപ്പ് വരുന്നത്. അടുത്ത വർഷത്തെ പദ്ധതി കൂടി തയ്യാറാക്കണം. സെപ്റ്റംബർ മാസമാണ് ഈ വർഷത്തെ പദ്ധതി തയ്യാറായത്. അടുത്ത വർഷത്തെ ബഡ്ജറ്റ് മാർച്ച് 31-നുള്ളിൽ തയ്യാറാക്കി സമർപ്പിക്കണമെന്ന് പറയുമ്പോൾ എന്താണ് പ്രശ്നം? എങ്ങനെയെങ്കിലും പദ്ധതി തയ്യാറാക്കണം. അടുത്ത വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾ ഏതെന്ന് മനസ്സിലാക്കാതെ എങ്ങനെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത വാർഷിക പദ്ധതി തയ്യാറാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ? ഈ വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കണമെങ്കിൽ കഴിഞ്ഞ വർഷത്തെ സ്പിൽഓവർ പ്രോജക്ട് എടുക്കണ്ടേ, അതിന് പണം വകയിരുത്തണ്ടേ? എന്നിട്ടല്ലേ പുതിയ പ്രോജക്ട് എടുക്കാൻ കഴിയുകയുള്ളൂ. അപ്പോൾ തികച്ചും അപ്രായോഗികമായ ആസൂത്രിത നിർദ്ദേശം കൂടി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. എന്നിട്ട് എന്താണ് ഉണ്ടായത്? മാർച്ച് 31-നകം ബിൽ കൊണ്ടുവന്നിട്ട് പണം ചെലവഴിക്കാൻ കഴിയില്ല. അതിനു പുറമെ പുതിയ പദ്ധതി ഉണ്ടാകണം. മാർച്ച് 31-നകം പണം ചെലവാക്കിത്തീർന്നില്ലെങ്കിൽ അത് ലാപ്സാകും. ഇത് അശാസ്ത്രീയമായിട്ടുള്ള ഒരു ചട്ടമാണ്. മാർച്ച് 31-ന് 20-25 ശതമാനം ഫണ്ട് ക്യാരി ഓവർ ചെയ്യാൻ അനുവാദം നൽകിക്കഴിഞ്ഞാൽ എന്ത് അരാജകത്വം ഉണ്ടാകുമെന്ന് ആരെങ്കിലും ഒന്ന് വിശദീകരിക്കുക. കേന്ദ്ര സർക്കാർ ഗ്രാമ വികസന വകുപ്പിന് നൽകുന്ന എസ്.ജി.ആർ.വൈ. പോലെയുള്ള ഫണ്ടുകൾ 25 ശതമാനം ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുന്നുണ്ടല്ലോ? മാർച്ച് 31 വച്ച് അവസാനത്തെ ചില്ലിക്കാശുപോലും തിരിച്ചു പോകണമെന്ന് പറയുന്നത് യഥാർത്ഥത്തിൽ അരാജകത്വം സൃഷ്ടിക്കുന്നതിന് തുല്യമാണ്. എങ്ങനെയെങ്കിലും പണം ചെലവാക്കുന്നതിനുള്ള നിർബന്ധം ജനങ്ങളെ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ സ്ഥിതി വിശേഷത്തിൽ തങ്ങളുടെ വികസന പ്രവർത്തനങ്ങൾ ആകെ സ്തംഭനത്തിലായതിന്റെ ഫലമായിട്ട് ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഇന്ന് അസംബ്ലിയിലേയ്ക്ക് മാർച്ച് നടത്തുകയാണ്. ഇത് ഗൗരവമായ സ്ഥിതിവിശേഷമാണ്. ജനപ്രതിനിധികൾ അനിശ്ചിതകാല സമരത്തിലേയ്ക്ക് നീങ്ങുന്ന സ്ഥിതി വിശേഷം കേരളത്തിൽ ആദ്യമായി ഉണ്ടാവുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അടിയന്തിരമായി ബന്ധപ്പെട്ട പഞ്ചായത്തുകളും അസോസിയേഷനുകളും ചേമ്പറുകളുമായി സംയുക്തമായി ഒരു യോഗം

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കണം. ഒരു കോൺഫറൻസല്ല ഞാൻ ഉദ്ദേശിക്കുന്നത്. ആ യോഗത്തിൽ രണ്ടോ മൂന്നോ ദിവസം ഇരുന്ന് ഈ വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ മാറ്റം വരുത്താൻ പറ്റുമോ? ഈ വർഷം മാർച്ച് 31-ന് ഈ ബിൽ സമ്പ്രദായം അടിച്ചേൽപ്പിച്ചതിന്റെ ഫലമായി ലാപ്സാകുന്ന തുകയ്ക്ക് ഒരു സാവകാശം നൽകാൻ പറ്റുമോ? എന്താണ് ചെയ്യാൻ കഴിയുന്നത്? ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെന്നും ഇന്നത്തെ ഈ സംഘർഷം ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തദ്ദേശ ഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരമോ ഫണ്ടോ തിരിച്ചെടുക്കാൻ ഈ ഗവൺമെന്റ് ഒരു ശ്രമവും നടത്തിയിട്ടില്ല. കൂടുതൽ അധികാരങ്ങളും ഫണ്ടും നൽകാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണ്ണമായ സ്തംഭനത്തിലാണെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭനത്തിലല്ല. അങ്ങയുടെ പഞ്ചായത്തിലടക്കം പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകിയത് ഇലക്ഷൻ ഇയർ വരുന്നതുകൊണ്ടാണ്. ഇലക്ഷൻ പ്രഖ്യാപിച്ചു കഴിഞ്ഞാൽ പദ്ധതി പ്രവർത്തനങ്ങളുമായി നിർവ്വഹണം നടത്താൻ പഞ്ചായത്തുകൾക്ക് സമയം കിട്ടുകയില്ല. അവരെ സഹായിക്കാനുള്ള നിർദ്ദേശം എന്ന നിലയ്ക്കാണ് ഈ വർഷം തന്നെ പദ്ധതി ചെലവഴിച്ച് അടുത്ത വർഷം നിർവ്വഹണത്തിൽ മുഴുകണം എന്ന ഒരു നിർദ്ദേശം കൊടുത്തത്. അത് തീർച്ചയായും സദുദ്ദേശത്തിലാണെന്ന് അങ്ങ് മനസ്സിലാക്കുമെന്ന് ഞാൻ കരുതുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികേന്ദ്രീകൃത ആസൂത്രണത്തിനായി മുൻ വർഷങ്ങളിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക അനുവദിക്കുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അതിന്റെ ഗണ്യഭാഗം വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2001–2002-ൽ 850 കോടി രൂപയും 2002-2003-ൽ 1,023 കോടി രൂപയും 2003–2004-ൽ 1,437 കോടി രൂപയും കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുസരിച്ച് നൽകിയിരുന്നു. 2003-2004-ൽ അനുവദിച്ച 1,437 കോടി രൂപയിൽ 1,252 കോടി രൂപ (87.09%) തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചു. ഇത് വികേന്ദ്രീകരണ ആസൂത്രണം നടന്ന വർഷങ്ങളിലെ റെക്കോർഡ് ചെലവാണ്. പക്ഷെ ഇതുവരെ നടന്ന പ്രവർത്തനങ്ങളിലെ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് 2003–04-ലാണ്. പദ്ധതി വിഹിതം കൂടാതെ ഈ വർഷങ്ങളിൽ ശരാശരി 300 കോടി രൂപ വീതം പദ്ധതിയേതര വിഹിതമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 1,350 കോടി രൂപയിൽ 964 കോടി രൂപ അനുവദിച്ചു നൽകിക്കഴിഞ്ഞു. 2000–2001, 2001–2002, 2002–2003 എന്നീ വർഷങ്ങളിൽ പദ്ധതിയിൽ 25 ശതമാനം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. 2003-2004-ൽ ഏകദേശം 15 ശതമാനവും 2004–2005-ൽ 13 ശതമാനവും അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാനത്ത് ഒട്ടാകെ വരുന്ന പ്ലാൻ വിഹിതത്തിന്റെ കട്ട് ആണ്. എൽ.ഡി. എഫ്. സർക്കാരിന്റെ കാലത്തും ഇതേപോലെ 25 ശതമാനം വെട്ടിക്കുറച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക വൈഷമ്യം കണക്കിലെടുത്ത് മാത്രമാണ് ഇത് ചെയ്തിട്ടുള്ളത്. സാമ്പത്തിക പരാധീനത കാരണം സംസ്ഥാന ഫണ്ട് വെട്ടിക്കുറയ്ക്കേണ്ടിവരും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രതിഫലനം പഞ്ചായത്തുകളിലും ഉണ്ടാകും. അല്ലാതെ വികേന്ദ്രീകരണം അട്ടിമറിക്കാനല്ല ശ്രമിക്കുന്നത്. വികേന്ദ്രീകരണ ആസൂത്രണത്തിൽ നടന്നിട്ടുള്ള അപാകതകളും പാഴ്ച്ചെലവുകളും ആഡിറ്റിലൂടെ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ സാമ്പത്തിക അച്ചടക്കം ഉണ്ടാക്കുവാനും സുതാര്യമായ ധനവിനിയോഗം ഉറപ്പാക്കുവാനുമായി ട്രഷറികളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുണ്ടായിരുന്ന അക്കൗണ്ടുകൾ മരവിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. ഏകദേശം 15,000-ത്തോളം പി.ഡി. അക്കൗണ്ടുകൾ തുറന്നു. ധനവിനിയോഗം സങ്കീർണ്ണമായിരുന്ന 1215 പി.ഡി. അക്കൗണ്ടുകൾ മാത്രമാക്കി സാമ്പത്തിക അച്ചടക്കം പുനഃസ്ഥാപിക്കാൻ 9-7-2003-ലെ ധനവകുപ്പിന്റെ ഉത്തരവിലൂടെ സർക്കാർ തീരുമാനിച്ചു. ഇങ്ങനെ മരവിപ്പിച്ച അക്കൗണ്ടുകളിൽ പദ്ധതി പണവും പദ്ധതിയേതര പണവും ഒരുമിച്ചാണ് ഇട്ടിരുന്നത്. ഇത് ഏകദേശം 840 കോടി രൂപ ഉണ്ടായിരുന്നു. അതിൽ പദ്ധതിയേതര പണമായ ഏകദേശം 300 കോടി രൂപയോളം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചുനൽകി. ലഭിച്ച ഫണ്ടിന്റെയും വിനിയോഗത്തിന്റെയും കണക്കുകളുള്ള പഞ്ചായത്തുകൾക്ക് അവരുടെ പി. ഡി. അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക തിരികെ ലഭിച്ചപ്പോൾ യാതൊരു അടിസ്ഥാന രേഖകളും കണക്കുകളും ഇല്ലാത്തവർക്ക് തുക തിരികെ നൽകാൻ കഴിഞ്ഞിട്ടില്ല; അതാണ് സംഭവിച്ചത്. അല്ലാതെ പഞ്ചായത്തിന്റെ പണം തിരിച്ചെടുത്തതല്ല. കണക്ക് കൊണ്ടുവന്നാൽ തിരികെ കൊടുക്കാൻ തയ്യാറുമായിരുന്നു. ഇതു കൂടാതെ പദ്ധതി പണമായ 335 കോടി രൂപ അധിക വിഭവമായി 2003-2004-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകി. അങ്ങനെ 840 കോടി രൂപയിൽ 635 കോടി രൂപ (300+335) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകി. ഞങ്ങൾക്ക് ഇന്ന രീതിയിൽ ചെലവഴിക്കാൻ കഴിയാത്തതാണ് എന്ന് വ്യക്തമാക്കാത്ത പഞ്ചായത്തുകൾക്ക് മാത്രമാണ് പണം നഷ്ടപ്പെട്ടത്. പിന്നെ ബിൽ സിസ്റ്റത്തിന്റെ കാര്യം പറഞ്ഞു. ഡോ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായ 2-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ഈ ബിൽ സിസ്റ്റം നടപ്പിലാക്കിയത്. ബിൽ സിസ്റ്റം നടപ്പാക്കുമ്പോൾ ആവശ്യമായ ട്രെയിനിംഗ് നൽകേണ്ടതുണ്ടായിരുന്നു. ട്രെയിനിംഗ് നൽകാൻ കുറേ സമയം എടുത്തു. 15,000-ത്തോളം ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് 1-10-2004 വരെ ഇത് വൈകിയത്. ഇപ്പോൾ ട്രെയിനിംഗ് നൽകുകയും ബിൽ സിസ്റ്റം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ബിൽ സിസ്റ്റം നടപ്പിലാക്കിയപ്പോൾ ഉണ്ടായ പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഗണിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസന്റ് ചെയ്യുന്ന ബില്ലുകൾ 17-1-2005 മുതൽ 31-1-2005 വരെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങൾക്കും രജിസ്റ്ററുകളും ഫാറങ്ങളും നൽകാൻ ഗ്രാമലക്ഷ്മി മുദ്രാലയത്തെ ചുമതലപ്പെടുത്തുകയും ആവശ്യാനുസരണം രജിസ്റ്ററുകളും ഫാറങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബിൽ സിസ്റ്റം നടപ്പിലാക്കിയപ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പി.ഡി. അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന മൊത്തം തുക നഷ്ടപ്പെട്ടു എന്ന പ്രചരണം നടക്കുന്നുണ്ട്. അവർക്ക് 31/2005 മാർച്ച് വരെ ഈ തുക മാറാനുള്ള സാവകാശം ഉണ്ടായിരുന്നു. ബിൽ സിസ്റ്റം വന്നതുകൊണ്ട് ഫണ്ട് നഷ്ടപ്പെടുന്നില്ല. എന്നാൽ പ്രവർത്തനരംഗത്ത് ഏറ്റവും നല്ല സാമ്പത്തിക അച്ചടക്കം ഉണ്ടാക്കാൻ കഴിയും എന്നുള്ളതാണ് സത്യം.

10.00 a.m.]

മുൻ വർഷങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന ഫണ്ട് സർക്കാർ ഖജനാവിൽനിന്നും മാറ്റി ട്രഷറിയിൽ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും അപ്പോൾ തന്നെ അക്കൗണ്ടന്റ് ജനറൽ കണക്കിൽ ചെലവെഴുതുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ടായിരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യാനുസരണം ചെക്ക് മുഖേന പിന്നീടത് പിൻവലിക്കുകയും ചെയ്തിരുന്നു. ബിൽ സിസ്റ്റം നടപ്പാക്കുന്നതു വഴി പദ്ധതികളുടെ ഭൗതിക പുരോഗതി ഉറപ്പാക്കുകയും ചിട്ടയായ അക്കൗണ്ടിംഗ് ഉണ്ടാക്കുകയും ചെയ്യാം. പദ്ധതി പണം ചെലവഴിച്ചതായി കാണിക്കാൻവേണ്ടി മാത്രം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് നടത്തുന്ന പ്രവണത ഇല്ലാതാകും, ധൂർത്ത് ഇല്ലാതാകും. പണം ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്. പണം പിരിച്ചെടുക്കാനോ അധികാരം കൊണ്ടുവരാനോ യാതൊരു വിധത്തിലുള്ള ശ്രമവും ഇവിടെ നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എന്തെങ്കിലും വിഷമതകൾ ഉണ്ടെങ്കിൽ മുനിസിപ്പൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടി അവ പരിഹരിക്കാനുള്ള സാഹചര്യമോ, സംവിധാനമോ ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ്. തീർച്ചയായും ഈ നിർദ്ദേശം വച്ചതിന് നന്ദി പറയുകയാണ്. നിസ്സാരമായ ഇത്തരം കാര്യങ്ങൾ പെരുപ്പിച്ച് കാണിച്ച് അത് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഉപയോഗിക്കുവാനുള്ള ശ്രമമാണ് ഉണ്ടായിരിക്കുന്നത്. അതിന്റെ പേരിൽ സമരം ഉണ്ടാക്കി സ്ഥിതിഗതികൾ വഷളാക്കരുത് എന്ന് ഈ രംഗത്ത് വളരെ പരിണതപ്രജ്ഞനായ, ഈ രംഗത്ത് committed ആയ ബഹുമാനപ്പെട്ട അംഗത്തോട് ഞാൻ അപേക്ഷിക്കുകയാണ്. യാതൊരു തരത്തിലും ഒരു പണവും പിരിച്ചെടുത്തിട്ടില്ല, പഞ്ചായത്തിന് ഒരു പണവും നഷ്ടപ്പെടാൻ പോകുന്നില്ല. നിസ്സാരമായ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പെരുപ്പിച്ച് കാണിക്കരുത് എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ഡോ. തോമസ് ഐസക്: സർ, ചോദ്യം ചോദിക്കാനുള്ള അവകാശം മാത്രമേയുള്ളൂ എന്നുള്ളതുകൊണ്ട് മന്ത്രി പറഞ്ഞ കണക്കുകളുടെ നിജസ്ഥിതിയെക്കുറിച്ച് ഞാൻ തർക്കം ഉന്നയിക്കുന്നില്ല. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം സമ്മതിച്ചു. ബിൽ സമ്പ്രദായത്തിൽ ന്യായാന്യായങ്ങളെക്കുറിച്ചല്ല തർക്കം. ഇത് നടപ്പാക്കിയ രീതികൊണ്ട് പ്രാരംഭ വൈഷമ്യങ്ങൾമൂലം കഴിഞ്ഞ മൂന്ന് മാസം പ്രവർത്തനം നടന്നിട്ടില്ല എന്ന് അങ്ങ് തന്നെ അംഗീകരിച്ചല്ലോ. പദ്ധതിയുടെ 30 ശതമാനം പോലും ചെലവായിട്ടില്ല എന്നുള്ളത് പരിഗണിച്ച് മാർച്ച് 31-ന് ചെലവഴിക്കാത്ത പണം മുഴുവൻ ലാപ്സാകും എന്ന് ഇന്നുള്ള ചട്ടത്തിൽ ഒരു ഭേദഗതി വരുത്തി മുൻകാലത്ത് എന്നപോലെ ഇരുപത് ശതമാനമോ ഇരുപത്തിയഞ്ച് ശതമാനമോ ക്യാരിഓവറിന് നിർദ്ദേശം നൽകുന്നതിന് അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പ്രാരംഭ വിഷമതകൾ എന്നുപറയുന്നത് ബിൽ മാറുന്നതിനുള്ള ചെറിയ തടസ്സങ്ങൾ ആണ്. അതൊക്കെ നീക്കിക്കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകൾക്ക് പണം കിട്ടിയിട്ടുണ്ട്. യാതൊരു വിധത്തിലും ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറയുന്ന കാര്യം പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(2) തിരുവനന്തപുരത്ത് ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മോഹൻകുമാർ: സർ, 57 വർഷം പഴക്കമുള്ള ദക്ഷിണ കേരളത്തിലെ സാധാരണ ജനങ്ങളുടെ ആവശ്യമാണ് ഞാൻ ഈ സഭയുടെ പരിഗണനയ്ക്കായി വീണ്ടും അവതരിപ്പിക്കുന്നത്. ഒന്നാം കേരള നിയമസഭയിൽ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റേയും അതികായനായ പട്ടം താണുപിള്ളയുടേയും ഒക്കെത്തന്നെ ആശീർവാദങ്ങളോടെ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം, തിരുവനന്തപുരത്ത് കേരള ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് സ്ഥാപിക്കണം എന്നുള്ള ആ പ്രമേയം, സാഫല്യത്തിൽ എത്താത്തതിനെത്തുടർന്നാണ് ഇന്ന് നാമെല്ലാം അംഗമായുള്ള പതിനൊന്നാം കേരള നിയമസഭയ്ക്ക് കഴിഞ്ഞവർഷം ആവർത്തിക്കേണ്ടിവന്നത്. 47 വർഷങ്ങൾക്കുശേഷവും സഫലമാകാതെ അവശേഷിക്കപ്പെടുന്ന ദക്ഷിണ കേരളത്തിലെ മഹാജന സമൂഹത്തിന്റെ ഈ ആവശ്യം സഫലമാക്കുന്നതിനുവേണ്ടി ഊർജ്ജിതമായ ഭരണ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അത്യപൂർവ്വം അവസരങ്ങളിൽ മാത്രമാണ് കേരള നിയമസഭ ജനാഭിലാഷങ്ങൾക്ക് വേണ്ടി ഏകകണ്ഠമായി ഒരുമിച്ചിട്ടുള്ളത്. പക്ഷേ ജനങ്ങളുടെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയുള്ള ആ രാഷ്ട്രീയ തീരുമാനങ്ങൾപോലും അട്ടിമറിക്കപ്പെടുന്ന വേദനാജനകമായ സന്ദർഭത്തിൽ കേവലമായ പ്രതീക്ഷകളിൽ വിശ്വാസമർപ്പിച്ചുകൊണ്ടു നിൽക്കുന്നതിനു പകരം നമ്മുടെ സാദ്ധ്യതകൾ, ഡൽഹിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭരണമാറ്റത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഊർജ്ജിതമായ നടപടികൾ അതിവേഗം, ബഹുദൂരം എന്ന സങ്കൽപ്പം അനുസരിച്ച് തന്നെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിൽനിന്ന് പ്രതീക്ഷിക്കുകയാണ്. തെക്കൻ കേരളത്തിൽ വളരെ വർഷക്കാലം, രാജവാഴ്ച്ചക്കാലത്ത് ഒരു ഹൈക്കോടതി തന്നെ പ്രവർത്തിച്ചിരുന്ന കാര്യം ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തുകയാണ്. സൂര്യൻ അസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന്റെ അധികാര കേന്ദ്രമായിരുന്ന പ്രിവ്യൂ കൗൺസിലിൽപോലും ഉദ്ധരിക്കപ്പെട്ട നിരവധി വിധിന്യായങ്ങൾ തിരുവതാംകൂർ ഹൈക്കോടതിയുടെ പേരിൽ ഉണ്ടായിട്ടുണ്ട്. അത് ഇന്നും നിയമ വേദികളിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. പക്ഷേ അവയെല്ലാംതന്നെ പൂർവ്വ സ്മൃതിയിലേയ്ക്ക് തള്ളിമാറ്റിക്കൊണ്ട് ഒരു രാഷ്ട്രീയ തീരുമാനത്തിനെത്തുടർന്ന് 1947-ൽ ഹൈക്കോടതിയുടെ ആസ്ഥാനം എറണാകുളത്തേയ്ക്ക് മാറ്റപ്പെട്ടു. ഒരു സാന്ത്വനമായി കുറെക്കാലത്തേയ്ക്ക് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് തിരുവനന്തപുരത്ത് അനുവദിക്കപ്പെട്ടു. സ്വാതന്ത്ര്യ പ്രാപ്തിയും കേരള പിറവിയുമെല്ലാം തന്നെ ദക്ഷിണ ജില്ലകൾക്ക് ആഹ്ലാദത്തിന്റെ അമൃത് നൽകിയതിനൊപ്പം വിഷാദത്തിന്റെ സ്ഥാപന നഷ്ടത്തിന്റെ കാളകൂടവും നൽകുകയുണ്ടായി. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചുകൾ ഒന്നിലധികം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി സംസ്ഥാനങ്ങൾ ഇന്ന് ഇൻഡ്യാ രാജ്യത്തുണ്ട്. ഇന്നത്തെ ഹൈക്കോടതി ചീഫ് ജസ്റ്റീസായ സുഭാഷൺ റെഡ്ഡി തമിഴ്നാട്ടിൽ ചീഫ് ജസ്റ്റീസായി പ്രവർത്തിച്ചിരുന്ന കാലയളവിലാണ് മധുരയിൽ ഹൈക്കോടതി ബഞ്ചിന്റെ പ്രവർത്തനം ആരംഭിച്ചത് എന്ന് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ഹൈക്കോടതി ബെഞ്ചിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സാഫല്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ദക്ഷിണ കേരളത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നായ, അധികാര വികേന്ദ്രീകരണ സങ്കൽപ്പങ്ങളെ സാധാരണ ജനതയ്ക്ക് നീതി ഉറപ്പാക്കുന്ന പ്രക്രിയയുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിപ്പിക്കുന്ന, തിരുവനന്തപുരത്തെ ഹൈക്കോടതി ബെഞ്ചിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജിതമായ ആക്കം പകരേണ്ടതുണ്ട് എന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. സർക്കാരിന്റെ ഭരണച്ചെലവുകൾ അനിയന്ത്രിതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏറ്റവും വലിയ വ്യവഹാരിയായ കേരള സർക്കാർ വാദിയായി, പ്രതിയായി, കക്ഷിയായി ഏറ്റവും വലിയ വ്യവഹാരിയായി ഹൈക്കോടതിയിൽ പലപ്പോഴും നിൽക്കേണ്ടിവരുന്നു. കേരള സർക്കാരിന്റെ ഭരണച്ചെലവുകൾ തന്നെ നിയന്ത്രിക്കാൻ കഴിയുന്ന ഈ സന്ദർഭം ഇനിയും നീട്ടിക്കൊണ്ടുപോകുന്നത് ആവസാനിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന പുനഃസംഘടനാ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി, ജസ്വന്ത് സിംഗ് കമ്മീഷൻ വ്യവസ്ഥകൾക്ക് അനുസൃതമായി രാഷ്ട്രപതിയുടെ സാന്ത്വനവും സംരക്ഷണവും ഉറപ്പാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഫയലിംഗ് അധികാരത്തോടുകൂടി ഹൈക്കോടതിയുടെ ബെഞ്ച് തിരുവനന്തപുരത്ത് വേണമെന്നുള്ളത് ബഹുമാനപ്പെട്ട കെ. മോഹൻകുമാർ പറഞ്ഞതുപോലെ അനേക വർഷക്കാലമായി നീണ്ടുനിൽക്കുന്ന ഒരാവശ്യമാണ്. ഇതിന്റെ ചരിത്രം നോക്കിയാൽ 1999 മുതലാണ് ഈ ആവശ്യവും അതിന്മേലുള്ള നടപടികളും വന്നിട്ടുള്ളത്. ഹൈക്കോടതി ബെഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ കൂടി അഭിപ്രായം അറിഞ്ഞതിനുശേഷം കേന്ദ്ര നിയമ മന്ത്രാലയത്തെ അറിയിക്കണമെന്ന് പറഞ്ഞ് 1999-ൽ സംസ്ഥാന ഗവൺമെന്റിന് കേന്ദ്രത്തിൽ നിന്ന് കത്ത് കിട്ടി. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞു. അദ്ദേഹം ഫുൾ കോർട്ട് മീറ്റിംഗ് കൂടി ചർച്ച ചെയ്തതിനുശേഷം വിവരം തരാമെന്നു പറഞ്ഞു. ഗവൺമെന്റിനോട് പല വിവരങ്ങളും ചോദിച്ചു, ആ വിവരങ്ങൾ എല്ലാം കൊടുത്തു. അതു കഴിഞ്ഞപ്പോൾ ഹൈക്കോടതി ചോദിച്ചത് ഇവിടെ പുതിയ കെട്ടിടവും ഇതിനു വേണ്ടുന്ന സംവിധാനങ്ങളുമൊക്കെ ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റിന് അധിക ബാദ്ധ്യത വരുന്നില്ല എന്നാണ്. അങ്ങനെ പറഞ്ഞുകൊണ്ട് സംസ്ഥാനത്ത് ഹൈക്കോടതി ബെഞ്ചിനുള്ള ആവശ്യം ഹൈക്കോടതി തള്ളിക്കളയുകയാണ് ചെയ്തത്. എല്ലാ സൗകര്യങ്ങളും ഉണ്ട്, അധിക ചെലവ് പ്രശ്നമല്ല, ഇത് ആവശ്യമാണ് എന്നു പറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അതിനു മറുപടി കൊടുക്കുകയാണുണ്ടായത്. 16-5-2003-ൽ അന്നത്തെ മുഖ്യമന്ത്രി, തിരുവനന്തപുരത്ത് ഈ ഡിവിഷൻ ബഞ്ച് ആവശ്യമാണെന്നും അത് കേന്ദ്ര മന്ത്രാലയത്തെ ഹൈക്കോടതി അറിയിക്കണം എന്നും പറഞ്ഞുകൊണ്ട് കത്ത് അയച്ചു. 2004 ജനുവരി മാസം 17-ന് ഈ നിർദ്ദേശം ഉപേക്ഷിച്ചിരിക്കുന്നു എന്നുപറഞ്ഞുകൊണ്ടുള്ള ചീഫ് ജസ്റ്റീസിന്റെ ഒരു മറുപടിയാണ് ഗവൺമെന്റിന് കിട്ടിയത്. തിരുവനന്തപുരത്ത് ഈ ബഞ്ച് അനുവദിക്കണം ഹൈക്കോടതിയുടെ തീരുമാനം പുനഃപരിശോധിക്കണം എന്നുപറഞ്ഞുകൊണ്ട് ചീഫ് ജസ്റ്റീസിനും കേന്ദ്ര മന്ത്രാലയത്തിനും 13-2-2004-ൽ മുഖ്യമന്ത്രി വീണ്ടും കത്തയച്ചു. പക്ഷെ അതിനും തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കുന്നതിന് അനുകൂലമല്ലാത്ത നിലയിലാണ് ചീഫ് ജസ്റ്റീസ് മറുപടി തന്നിരിക്കുന്നത്. തിരുവനന്തപുരത്ത് ഡിവിഷൻ ബഞ്ച് അനുവദിക്കേണ്ടതിന്റെ ആവശ്യകത കാണിച്ചുകൊണ്ട് 25-6-2004-ൽ മുഖ്യമന്ത്രി വീണ്ടും കേന്ദ്രനിയമ വകുപ്പുമന്ത്രിക്ക് കത്തയച്ചു. 17-9-2004-ൽ രാഷ്ട്രപതിക്ക് ഗവൺമെന്റ് കത്തയച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിൽ രാഷ്ട്രപതിയോട് അദ്ദേഹം തന്നെ ഇടപെട്ട് ഈ ബെഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ഇവിടെ മെമ്പർ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല. ഈ ബെഞ്ച് അനുവദിക്കുന്നതിന് അനുകൂലമായിട്ടുള്ള നിലപാട് നേരത്തെതന്നെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ആ നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. തുടർന്നും അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് വളരെ വർഷങ്ങളായി നിലനിൽക്കുന്ന ഒരാവശ്യം അംഗീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിൽ 51(2) പ്രകാരം consultation with the Chief Justice എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. ചീഫ് ജസ്റ്റീസിന്റെ കൺസെന്റ് ആവശ്യമാണെന്നുള്ള തെറ്റായ വ്യാഖ്യാനം പ്രയോഗിച്ചു കൊണ്ടാണ് ഈ ദീർഘകാല ആവശ്യത്തിനെ വൈകിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാഷ്ട്രപതിയുടെ സാന്നിദ്ധ്യവും സംരക്ഷണവും തേടാൻവേണ്ടി സ്വീകരിച്ചിരിക്കുന്ന സമീപനം അഭിനന്ദനാർഹമാണ്. പക്ഷേ ആ പ്രതീക്ഷകൾ സഫലമാക്കുന്നതിനുവേണ്ടി മന്ത്രിസഭയുടേയും നമ്മുടെ എം.പി. മാരുടേയും കേന്ദ്ര ഗവൺമെന്റിന്റേയും സഹായത്തോടുകൂടി ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിശ്ചയമായിട്ടും സ്വീകരിക്കും അതിന്റെ നടപടിയുടെ ഒരു ഘട്ടംകൂടി മുന്നോട്ട്പോയിക്കൊണ്ടാണ് രാഷ്ട്രപതിക്ക് കത്ത് അയച്ചിരിക്കുന്നത്. ഇത് അംഗീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് സാദ്ധ്യമായിട്ടുള്ള എല്ലാ നടപടിയും സ്വീകരിക്കും.

IV. സബ്മിഷൻ

(1) നെല്ല് സംഭരണത്തിലെ സ്തംഭനാവസ്ഥ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ലുസംഭരിക്കുന്നതിന് ഗവൺമെന്റ് ഗുരുതരമായ വീഴ്ച്ച കാണിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി പാലക്കാട്, തൃശ്ശൂർ, കുട്ടനാട് മേഖലകളിലെ കൃഷിക്കാർ കൃഷി കഴിഞ്ഞ് നെല്ല് വിറ്റുകിട്ടുന്ന തുകകൊണ്ട് വായ്പ തിരിച്ചടയ്ക്കുന്നതിനും മറ്റ് കൃഷി ആവശ്യങ്ങൾക്ക് വേണ്ടിയിട്ടുള്ള ചെലവുകൾ ചെയ്യാനും യാതൊരു തരത്തിലും നിർവ്വാഹമില്ലാത്ത അവസ്ഥയിലായിരിക്കുകയാണ്. അവരെ വീണ്ടും കടക്കാരാക്കി മാറ്റുന്ന ഒരു സമീപനമാണ് കേരള ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് കൃഷിക്കാരുടെ പരാതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് കുറഞ്ഞത് മൂന്ന് ആഴ്ച്ച യെങ്കിലും ആയിക്കാണും. ഇപ്രാവശ്യത്തെ ഹാൻഡ്ലിംഗ് ചാർജ്ജ് കുടിശ്ശിക കൊടുക്കാനുള്ളതിന്റെ ഫലമായി സഹകരണ സ്ഥാപനങ്ങൾ നെല്ല് സംഭരിക്കുന്നില്ല. നെല്ല് സംഭരിച്ചാൽ സ്ഥിതി ഇതാകുമെന്ന ഉൽക്കണ്ഠമൂലം സഹകരണ സ്ഥാപനങ്ങൾ നെല്ല് സംഭരിക്കാതിരിക്കുകയുമാണ്. അതുമൂലം തമിഴ്നാട് മേഖലയിൽ നിന്ന് വലിയ കുത്തകക്കാരായിട്ടുള്ള കച്ചവടക്കാരെ കൊണ്ടുവന്ന് തുച്ഛമായ വിലയ്ക്ക് നെല്ല് കൊടുത്തു കൊണ്ടിരിക്കുകയാണ്. അവരുമായി മൽസരിച്ച് വീണ്ടും വിലകുറച്ച് വിൽക്കുന്നതിന്റെ ഫലമായി കൃഷിക്കാർ നഷ്ടത്തിനു പുറമെ കഷ്ടപ്പാടും അനുഭവിക്കേണ്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly